**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുര്യാടി ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വടകര മണ്ഡലത്തിലെ കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ കുരിയാടി എന്ന പ്രദേശം ചോമ്പാൽ ഹാർബറിൽ നിന്നും 7 കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതി ചെയ്യുന്നത് . പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി ഇവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിച്ചിട്ടുണ്ട് . കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനു മുന്നോടിയായുള്ള അന്വേഷണ ഗവേഷണ പഠനത്തിനായി 20/08/2015 തീയതിയിലെ സ.ഉ (സാധാ) നം . 704/2015/മ.തു.വ പ്രകാരം 59.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ, ലെവൽ ട്രാൻസ്ഫർ, പെർമനന്റ് പോയിന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നീ പ്രവൃത്തികൾക്കായി 2.30 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. ബെഡ് ആന്റ് വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഓബ്സർവേഷൻ ,വിന്റ് ആന്റ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികൾക്കായി 3.00 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. കറന്റ് ഒബ്സർവേഷൻ , ടൈഡ് ഒബ്സർവേഷൻ എന്നിവ നടത്തുന്നതിനായി 09/12/2022 ന് 8.40 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി കരാറിലേർപ്പെട്ടു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല . |
| (ബി) | കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ കുരിയാടി എന്ന പ്രദേശം ചോമ്പാൽ ഹാർബറിൽ നിന്നും 7 കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതി ചെയ്യുന്നത് . പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആവശ്യം മുൻനിർത്തി ഇവിടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഒരു ഫിഷ് ലാന്റിംഗ് |

| | | | |
|---|---|---|---|
| | | | സെന്റർ നിർമ്മിച്ചിട്ടുണ്ട് . കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനു മുന്നോടിയായുള്ള അന്വേഷണ ഗവേഷണ പഠനത്തിനായി 20/08/2015 തീയതിയിലെ സ.ഉ (സാധാ) നം . 704/2015/മ.തു.വ പ്രകാരം 59.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ, ലെവൽ ട്രാൻസ്ഫർ, പെർമനന്റ് പോയിന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നീ പ്രവൃത്തികൾക്കായി 2.30 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. ബെഡ് ആന്റ് വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഓബ്സർവേഷൻ ,വിന്റ് ആന്റ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികൾക്കായി 3.00 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. കറന്റ് ഒബ്സർവേഷൻ , ടൈഡ് ഒബ്സർവേഷൻ എന്നിവ നടത്തുന്നതിനായി 09/12/2022 ന് 8.40 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി കരാറിലേർപ്പെട്ടു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല . |
| (സി) | കുരിയാടിയിൽ ഹാർബർ നിർമിക്കുന്നത് സംബന്ധിച്ച പഠനത്തിനായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും ഇതിനായി നീക്കിവെച്ച ആകെ തുക എത്രയാണെന്നും അറിയിക്കുമോ; പ്രസ്തുത തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പഠനത്തിന് 67,769/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് . 12,4,016/- രൂപയുടെ ബിൽ പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 59.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത പഠനം നടത്തുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും പഠനത്തിനായി മാത്രം എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കുമോ; പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ പഠനം പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | മാതൃകാ പഠനം നടത്തുന്നതിനു ആവശ്യമായ ഡാറ്റാ കളക്ഷൻ ആണ് ഇപ്പോൾ നടന്നുവരുന്നത് . ഇത് പൂർത്തീകരിച്ചതിന് ശേഷമാണ് മോഡൽ സ്റ്റഡി നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നത് . |
| (ഇ) | പ്രസ്തുത പഠനം എത്രയും വേഗം പൂർത്തിയാക്കി കുരിയാടിയിൽ ഒരു മത്സ്യബന്ധന ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | പുതിയ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച് 07/9/2023-ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ് . നാഷണൽ |

| | | | |
|---|---|---|---|
| | | | ഗ്രീൻ ട്രൈബ്യൂണൽ (NGT) പോലുള്ള ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായി മാത്രമെ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കരിയാടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 59 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.704/15/മ.തു.വ. തീയതി, തിരുവനന്തപുരം, 20-08-2015.

---

പരാമർശം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-01-12, 22-12-14, 15-07-15 എന്നീ തീയതികളിലെ ഡി7/8249/2001/സി.ഇ. നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കരിയാടിയിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 59 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും ടി. പ്രവൃത്തിക്ക് വേണ്ടിവരുന്ന തുക "4405-00-104-83 ഇൻവെസ്റ്റിഗേഷൻ ഓഫ് ന്യൂ ഫിഷിംഗ് ഹാർബർ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കരിയാടി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 59 ലക്ഷം രൂപ (അമ്പത്തിയൊൻപത് ലക്ഷം രൂപ മാത്രം) യുടെ പുതുക്കിയ എസ്റ്റിമേറ്റിന്, ഈ സാമ്പത്തിക വർഷം അധിക തുക അനുവദിക്കില്ല എന്ന നിബന്ധനയോടെ, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കാവശ്യമായ തുക "4405-00-104-83 ഇൻവെസ്റ്റിഗേഷൻ ഓഫ് ന്യൂ ഫിഷിംഗ് ഹാർബർ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എം.ഷാഹുൽ ഹമീദ്
ജോയിന്റ് സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ